# പലിശരഹിത മൈക്രോഫിനാൻസിന്റെ പ്രസക്തി




ഉമ്മു ഹബീൽ

സൂക്ഷ്മതല വായ്പാ സംവിധാനങ്ങൾ (micro financings), സ്വയം സഹായസംഘങ്ങൾ (SHG) എന്നിവ കേരളീയ സമൂഹത്തിന് പുതുമയുള്ളതല്ല. സ്ത്രീശാക്തീകരണത്തിനുള്ള പ്രധാന മാർഗമായി വിവിധ സർക്കാർ ഏജൻസികളും എൻ.ജി.ഒകളും ഇത് ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ സ്ത്രീകളുടെയും കുടുംബങ്ങളുടെയും ശാക്തീകരണത്തിന് സഹായകമാവേണ്ട ഇത്തരം സ്വയം സഹായസംഘങ്ങളുടെ വായ്പാ സംവിധാനങ്ങളെല്ലാം പലിശയിലധിഷ്ഠിതമാണ്. അങ്ങനെ ഇത്തരം സംഘങ്ങൾ ഇരകളെ തേടിപ്പിടിച്ച് തളച്ചിടുന്ന പലിശക്കെണികളായി മാറുകയാണ്.

ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള ഇടത്തരക്കാർക്കും ദരിദ്രർക്കും ഒഴിച്ചുകൂടാനാവാത്തതാണ് ബാങ്ക് വായ്പയും സ്വകാര്യ ബ്ലേഡ് വായ്പയും. പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും ബ്ലേഡ് മുതലാളിമാരിൽ നിന്നും മറ്റും വിവാഹം, വീടുനിർമാണം, മറ്റ് വ്യക്തിപരമായ ആവശ്യങ്ങൾ എന്നിവക്കായി പണം പലിശക്കെടുക്കുന്നവർ തിരിച്ചടവിനായി മാസത്തിൽ മുടക്കുന്ന തുക കുടുംബത്തിന്റെ സാമ്പത്തികാവസ്ഥയെ വല്ലാതെ ഞെരിച്ചമർത്തുന്നുണ്ട്. അധ്വാനത്തിന്റെ നല്ലൊരു പങ്കും പലിശ കൊടുക്കാനായി മാറ്റി വെക്കേണ്ട ഗതികേടിലാണ് പലരും. അടിസ്ഥാന ജനവിഭാഗങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങൾ മൂലം ഉണർവ് ലഭിക്കുന്നത് സാമ്പത്തികവ്യവസ്ഥയുടെ ഏറ്റവും അടിത്തട്ടിലാണ് എന്നതുകൊണ്ട് ഇത്തരക്കാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ന്യായമായി പരിഹരിക്കപ്പെട്ടാൽ സാമ്പത്തികവ്യവസ്ഥക്ക് അത് നൽകുന്ന ഉണർവ്വ് അത്ഭുതകരമായിരിക്കും.

സാമ്പത്തികരംഗത്തു നിലനിൽക്കുന്ന ഈ അസന്തുലിതാവസ്ഥ ദരിദ്രരിലും ഇടത്തരക്കാരിലും സാമൂഹ്യമായ അരക്ഷിതാവസ്ഥക്ക് കാരണമാകുന്നുണ്ട്. അധ്വാനഫലത്തെ പലിശ ഊറ്റിയെടുക്കുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നതിൽ നമ്മുടെ ഭരണകൂടങ്ങൾ പരാജയപ്പെട്ടിരിക്കയാണ്. അതുകൊണ്ടാണ് കേരളത്തിലെ സർക്കാർ നിയന്ത്രിത സ്വയം സഹായസംഘങ്ങൾക്ക് പലിശയെ ഒഴിച്ചുനിർത്തി ഒരു ബദൽസംവിധാനം കാഴ്ചവെക്കാനാവാത്തത്. നിലവിലുള്ള സ്വകാര്യ സ്വയംസഹായസംഘങ്ങൾ പരമ്പരാഗത കാഴ്ചപ്പാടുകളെ നിരാകരിക്കാനോ പുതിയ അന്വേഷണങ്ങൾ നടത്താനോ താത്പര്യമെടുക്കുന്നില്ല. സാമ്പത്തിക പ്രവർത്തനങ്ങൾ നീതിപൂർവമാക്കി എല്ലാവർക്കും സാമ്പത്തികഭദ്രത നേടിക്കൊടുക്കാനായാൽ അതിന് സമൂഹത്തിൽ ഏറെ സ്വാധീനം സൃഷ്ടിക്കാൻ കഴിയും.

സ്ത്രീശാക്തീകരണം വാക്കുകൾക്കപ്പുറം പ്രായോഗികമാകണമെങ്കിൽ കുടുംബത്തിന്റെ സാമ്പത്തിക സ്വാശ്രയത്വം യാഥാർത്ഥ്യമാകേണ്ടതുണ്ട്. കുടുംബത്തിലെ ദരിദ്ര്യത്തിന്റെ കെടുതിൾ കൂടുതലും അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളാണ്. വർധിച്ചുവരുന്ന സാമ്പത്തികാവശ്യങ്ങൾ നിവർത്തിക്കാൻ ഇന്ന് സ്ത്രീ കൂടി തൊഴിലിനിറങ്ങേണ്ടി വരുന്നു. ചെയ്യുന്ന തൊഴിൽ ഒന്നാണെങ്കിലും സ്ത്രീക്കു ലഭിക്കുന്ന കൂലി പലപ്പോഴും പുരുഷനു ലഭിക്കുന്നതിന്റെ പകുതിയായിരിക്കും.

കുടുംബങ്ങളിലെ സാമ്പത്തികാവശ്യങ്ങളിൽ സ്ത്രീകൾ കൂടി പങ്ക് വഹിക്കേണ്ടിവരുന്ന വർത്തമാന അവസ്ഥയിൽ സ്ത്രീകൾക്ക് സ്വയം തൊഴിലിനായി സ്വയം സഹായ സംഘങ്ങൾ നൽകുന്ന വായ്പകൾ തികച്ചും പ്രസക്തമാണ്. എന്നാൽ പലിശയെന്ന തിന്മയെ മറികടക്കാൻ ഇത്തരം പരമ്പരാഗത സ്വയം സഹായ സംഘങ്ങൾക്കാവുന്നില്ലെന്നതാണ് ഇവയുടെ ദൗർബല്യം. ഇതിന് ഒരു ബദൽ മാതൃക സൃഷ്ടിക്കുകയാണ് പരിമിതികൾക്കിടയിലും കേരളത്തിലെ പലിശരഹിതനിധികൾ ചെയ്യുന്നത്. ഇത്തരം കൂട്ടായ്മകൾ തങ്ങളുടെ പ്രവർത്തനരീതികളിൽ വരുത്തിയ മാറ്റങ്ങളെയും അവയ്ക്ക് ലഭിച്ച പൊതുസ്വീകാര്യതയെയും പഠനവിധേയമാക്കേണ്ടതുണ്ട്.